(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രന്ഥാലയങ്ങളെ പരിപോഷിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വായനയെ പ്രോത്സാഹിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രന്ഥാലയങ്ങൾക്ക് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗ്രാമീണതലത്തിൽ ഗ്രന്ഥശാല സംഘം, ഗ്രാമപഞ്ചായത്തുകൾ, വിവിധ ആർട്സ് ക്ളബ്ബുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ലൈബ്രറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം ലൈബ്രറികളിൽ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഉണ്ട്. കൂടാതെ ഗ്രന്ഥശാലകളിൽ വർഷംതോറും വായനാ മത്സരം ഗ്രാമ-താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ നടത്തുന്നുണ്ട്.

(ബി) ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനായി ലൈബ്രേറിയന്മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഓണറേറിയം വ്യവസ്ഥയിലും ലൈബ്രേറിയനെ നിയോഗിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള വികസന പദ്ധതി പ്രകാരം പദ്ധതി വിഹിതത്തിൽ പൊതു വിഭാഗം ഫണ്ടിന്റെ 10% വരെ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രന്ഥശാലകളുടെ വികസനത്തിന് വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട നികുതിയുടെ 5% തുക ലൈബ്രറി സെസ്സ് ആയി പിരിക്കുകയും ടി തുക ഗ്രന്ഥശാലാ സംഘം മുഖേന ഈ ആവശ്യത്തിന് വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഗ്രന്ഥശാലാ സംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലകൾക്കും ഇവയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്കും ഗ്രന്ഥശാലാ സംഘത്തിൽ നിന്നും രാജാറാം മോഹൻ റായ് ഫൗണ്ടേഷനിൽ നിന്നും പുസ്തകം വാങ്ങുന്നതിനും, ഫർണ്ണിച്ചർ നിർമ്മിക്കുന്നതിനും, പുതിയ കെട്ടിട നിർമ്മാണത്തിനും, നിലവിലുള്ള കെട്ടിടങ്ങളുടെ മെയിന്റനൻസിനും ഗ്രാന്റ് നൽകി വരുന്നുണ്ട്. ഡി.പി.ഇ.പി., എസ്.എസ്.എ. പാഠ്യപദ്ധതികൾ വന്നശേഷം ഗ്രാമീണ ഗ്രന്ഥശാലകൾ വളരെയധികം ശക്തി പ്രാപിച്ചിട്ടുണ്ട്.

ഫുട്പാത്തിലെ അനധികൃത കച്ചവടം നീക്കം ചെയ്യാൻ നടപടി

54 [1741] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷന് മുന്നിൽനിന്ന് മണക്കാട് വരെയുള്ള ഫുട്പാത്തിൽ അനധികൃതമായി ചായ തട്ട് കടകളും കരിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിൽപനക്കാരും കച്ചവടം നടത്തുന്നത് വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്കും വഴിയാത്രക്കാർക്കും ശല്യമാകുന്ന പ്രസ്തുത കച്ചവടക്കാരെ നീക്കം ചെയ്യുന്നതിന് നടപടി ഉണ്ടാകുമോ;

(സി) എങ്കിൽ എന്നത്തേക്ക് നടപടി പൂർണ്ണമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉടൻ പൂർത്തിയാക്കുന്നതാണ്.

പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച പരാതി

55 [1742] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായി എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പരാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലെ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ നടപടി പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly